23
ഒക്ടോബർ 2014
വ്യാഴം
1190 തുലാം 6

മലയാള മനോരമ
ESTABLISHED 1888

കൊച്ചി
22 പേജ്
₹ 6.00
***

കോട്ടയം | കോഴിക്കോട് | കൊച്ചി | തിരുവനന്തപുരം | പാലക്കാട് | കണ്ണൂർ | കൊല്ലം | തൃശൂർ | മലപ്പുറം | പത്തനംതിട്ട | ആലപ്പുഴ | മുംബൈ | ചെന്നൈ | ബാംഗ്ലൂർ | ഡൽഹി | മംഗലാപുരം | ബഹ്റൈൻ | ദുബായ് | ദോഹ ISSN-0972-0022 www.manoramaonline.com



# വെബ്സൈറ്റ് പഠിപ്പിക്കും; കംപ്യൂട്ടർ പ്രോഗ്രാമിങ്

കൊച്ചി ● അധ്യാപകരെപ്പോലെ കാര്യങ്ങൾ പഠിപ്പിക്കുന്ന വെബ്സൈറ്റ്. മുംബൈ ഐഐടിയിലെ വിദ്യാർഥികളുടെ നേതൃത്വത്തിൽ തയാറാക്കിയ സ്പോക്കൺ ട്യൂട്ടോറിയൽ ഇതിനുള്ള അവസരമാണ് ഒരുക്കുന്നത്.

ഒരു കംപ്യൂട്ടറും ഇന്റർനെറ്റ് കണക്‌ഷനുമുണ്ടെങ്കിൽ ഇവരുടെ വെബ്സൈറ്റിൽ നിന്നു കംപ്യൂട്ടർ പ്രോഗ്രാമിങ്, ഭാഷകൾ എന്നിവ സൗജന്യമായി പഠിക്കാമെന്നതാണു വെബ്സൈറ്റിന്റെ സവിശേഷത.

പ്രോഗ്രാമിങ് ലാംഗ്വേജ്, ഓഫിസ് ടൂൾസ്, ഗ്രാഫിക്സ് ആൻഡ് സർക്യൂട്ട് ഡിസൈൻ ടൂൾസ്, എന്നിവയെല്ലാം ഒഡിയോ- വിഡിയോ രൂപത്തിൽ വെബ്സൈറ്റിൽ ലഭിക്കും. അതും നിങ്ങൾക്കിഷ്ടമുള്ള ഭാഷയിൽ ഇവ കേൾക്കാം. മലയാളം, ഹിന്ദി, തമിഴ്, ഭോജ്പൂരി, മറാത്തി, കന്നഡ, കശ്മീരി തുടങ്ങി 22 ഭാഷകളിലാണ് ഇവ ലഭിക്കുക.

സാങ്കേതികവിദ്യയെ സാധാരണക്കാരിലേക്കും എത്തിക്കാനുള്ള പദ്ധതിയുടെ ഭാഗമായാണു സ്പോക്കൺ ട്യൂട്ടോറിയൽ ആരംഭിച്ചിരിക്കുന്നത്.

നാഷനൽ മിഷൻ ഓൺ എജ്യുക്കേഷന്റെ സാമ്പത്തിക സഹായത്തോടെ കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ പിന്തുണയുമായാണു പദ്ധതി നടപ്പാക്കുന്നത്.

ഓരോ വിഷയത്തിലെ പാഠഭാഗങ്ങളും കൃത്യമായി തിരിച്ച് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഉദാഹരണത്തിനു കംപ്യൂട്ടർ പ്രോഗ്രാമിങ് ഭാഷയായ സി 10 മിനിറ്റ് ദൈർഘ്യമുള്ള 20 ട്യൂട്ടോറിയലുകളാണ് ഇതിലുള്ളത്. സിപ്ലസ്പ്ലസ്, ജാവ, പൈത്തോൺ, പിഎച്ച്പി, ലിനക്സ്, നെറ്റ്ബീൻസ് തുടങ്ങിയ കംപ്യൂട്ടർ ലാംഗ്വേജ്, ഗ്രാഫിക്കൽ ഡിസൈൻ, ഇലക്ട്രോണിക് സർക്യൂട്ട് ഡിസൈൻ കോഴ്സുകളെല്ലാം ട്യൂട്ടോറിയലിൽ ലഭിക്കും.